പള്ളിക്കൽ പഞ്ചായത്തിൽ എൻ. ആർ. ഇ. പി. സ്കീം പ്രകാരം നിർമ്മിച്ച റോഡുകൾ

877. [1092] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1982 ഏപ്രിൽ ഒന്നുമുതൽ 1986 സെപ്റ്റംബർ 30 വരെ കിളിമാനൂർ ബ്ലോക്ക് അതിർത്തിയിൽപ്പെട്ട പള്ളിക്കൽ പഞ്ചായത്തിൽ എൻ. ആർ. ഇ. പി. സ്കീമിൽ ഉൾപ്പെടുത്തി നിർമ്മിച്ച റോഡുകൾ എത്ര ;

(ബി) അവ ഏതെല്ലാം ;

(സി) അവയ്ക്കുവേണ്ടി മൊത്തം ചെലവഴിച്ച സംഖ്യ എത്ര ?

ഉത്തരം

(എ) ഈ കാലയളവിൽ പള്ളിക്കൽ പഞ്ചായത്തിൽ എൻ. ആർ. ഇ. പി. സ്കീമിൽ രണ്ട് റോഡുകൾ നിർമ്മിച്ചു. അതിൽ ഒന്ന് പൂർത്തിയായി.

(ബി) കാട്ടുപുതുശ്ശേരി-നെട്ടയം റോഡ്-പണി പൂർത്തിയായി. പള്ളിക്കൽ-മുക്കൻകോട് റോഡ്-പണി പൂർത്തിയായിട്ടില്ല.

(സി) മൊത്തം 1,37,976 രൂ. ചെലവായി.

കരവാരം പഞ്ചായത്തിൽ എൻ. ആർ. ഇ. പി. സ്കീം പ്രകാരം നിർമ്മിച്ച റോഡുകൾ

878. [1093] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1982 ഏപ്രിൽ 1 മുതൽ 1986 സെപ്റ്റംബർ 30 വരെ കിളിമാനൂർ ബ്ലോക്ക് അതിർത്തിയിൽപ്പെട്ട കരവാരം പഞ്ചായത്തിൽ എൻ. ആർ. ഇ. പി. സ്കീമിൽ ഉൾപ്പെടുത്തി നിർമ്മിച്ച റോഡുകൾ എത്ര ;

(ബി) അവ ഏതെല്ലാം ;

(സി) അവയ്ക്കുവേണ്ടി മൊത്തം ചെലവഴിച്ച സംഖ്യ എത്ര ?

ഉത്തരം

(എ) ഈ കാലയളവിൽ കരവാരം പഞ്ചായത്തിൽ എൻ. ആർ. ഇ. പി. സ്കീമിൽ ഒരു റോഡ് പണിതിട്ടുണ്ട്. പക്ഷേ അതിന്റെ പണി പൂർത്തിയായിട്ടില്ല.

(ബി) ആലങ്കോട്-എച്ച്. എസ്. ജംഗ്ഷൻ വെള്ളാപ്പള്ളിക്കോണം റോഡ്.

(സി) ഇതിനുവേണ്ടി മൊത്തം 72,941 രൂപ ചെലവഴിച്ചു.

നാവായിക്കുളം പഞ്ചായത്തിൽ എൻ. ആർ. ഇ. പി. സ്കീം പ്രകാരം നിർമ്മിച്ച റോഡുകൾ

879. [1094] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1982 ഏപ്രിൽ 1 മുതൽ 1986 സെപ്റ്റംബർ 30 വരെ കിളിമാനൂർ ബ്ലോക്ക് അതിർത്തിയിൽപ്പെട്ട നാവായിക്കുളം പഞ്ചായത്തിൽ എൻ. ആർ. ഇ. പി. സ്കീമിൽ ഉൾപ്പെടുത്തി നിർമ്മിച്ച റോഡുകൾ എത്ര ;

(ബി) അവ എതെല്ലാം ;

(സി) അവയ്ക്കുവേണ്ടി മൊത്തം ചെലവഴിച്ച സംഖ്യ എത്ര ?

LIBRARY ARCHIVES Kerala Legislative Assembly